'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്വച്ഛ് ഭാരത് മിഷൻ - 2019 മെയ് 30, 31 തീയതികളിൽ ന്യൂ ഡൽഹിയിൽ നടത്തുന്ന ടെക്നിക്കൽ കോൺഫറൻസ് ഓൺ വേസ്റ്റ് ടു എനർജി & റിസോഴ്സ് കൺസർവേഷൻ - നഗരസഭാ സെക്രട്ടറിമാർക്ക് യാത്രാനുമതിയും പങ്കാളിത്താനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1075/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2019

---

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.05.19-ലെ 3182/ഡി1/2015/എസ്.എം. നമ്പർ കത്ത്.

2 നഗരകാര്യ ഡയറക്ടറുടെ 18.05.19-ലെ ഡിസി2-16876/2018 നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയവും പെട്രോളിയം -പ്രകൃതി വാതക മന്ത്രാലയവും പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസിയേഷനുമായി ചേർന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി 2019 മെയ് 30, 31 തീയതികളിൽ ന്യൂ ഡൽഹി ഇന്ത്യ ഹാബിറ്റാറ്റ് സെന്റർ ജെകറാൻഡാ മാളിൽ നടത്തുന്ന "വേസ്റ്റ് ടു എനർജി & റിസോഴ്സ് കൺസർവേഷൻ" എന്ന ടെക്നിക്കൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് നഗരകാര്യ വകുപ്പിനെ പ്രതിനിധീകരിച്ച് താഴെപ്പറയുന്ന നഗരസഭാ സെക്രട്ടറിമാരെ പരാമർശം (**2**)പ്രകാരം നഗരകാര്യ ഡയറക്ടർ നാമനിർദ്ദേശം ചെയ്തിരുന്നു.

1) ശ്രീ. കെ.കെ. മനോജ് - കുന്നംകുളം നഗരസഭ
2) ശ്രീ. സുരേഷൻ എം. - മട്ടന്നൂർ നഗരസഭ
3) ശ്രീ. ബിജു എസ്. - തിരുവല്ല നഗരസഭ
4) ശ്രീ. ഷിബു വി.പി. - ഗുരുവായൂർ നഗരസഭ
5) ശ്രീ. മുഹമ്മദ് ഷാഫി ജെ. - കോട്ടയം നഗരസഭ
6) ശ്രീ. അഭിലാഷ് കുമാർ എച്ച്. - തൃപ്പൂണിത്തുറ നഗരസഭ
7) ശ്രീ. ഷിബു പി.എസ്. - തൃക്കാക്കര നഗരസഭ
8) ശ്രീ. കെ.ജി. രവീന്ദ്രൻ - കല്പറ്റ നഗരസഭ

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യാത്രാ ബത്തയും മറ്റു ചെലവുകളും നഗരസഭകളുടെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) ശേഷി വികസന ഫണ്ടിൽ നിന്നും

വിനിയോഗിക്കണമെന്ന വ്യവസ്ഥയിന്മേൽ 2019 മെയ് 30, 31 തീയതികളിൽ ന്യൂ ഡൽഹി ഇന്ത്യ ഹാബിറ്റാറ്റ് സെന്റർ ജെകറാൻഡാ മാളിൽ നടത്തുന്ന "വേസ്റ്റ് ടു എനർജി & റിസോഴ്സ് കൺസർവേഷൻ" എന്ന ടെക്നിക്കൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് നഗരകാര്യ ഡയറക്ടർ നാമനിർദ്ദേശം ചെയ്ത, നഗരകാര്യ വകുപ്പിലെ മേൽ പറഞ്ഞിട്ടുള്ള എട്ട് ഉദ്യോഗസ്ഥർക്ക് പങ്കാളിത്താനുമതിയും ഡൽഹിയിലേക്കും തിരികെയും യാത്ര ചെയ്യുന്നതിന് യാത്രാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.നാഗേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥ പ്രതിനിധികൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.സി. / ഇ.യു.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Manjulal
സെക്ഷൻ ഓഫീസർ.